# Weekly Thoughts of December-2015

## Ebenezer(ഇത്രത്തോളം സഹായിച്ച ദൈവം)

**Week-5**




........He named it Ebenezer (Rock of Help) and said "until now the LORD had helped us" -G.W.T.B- 1 Samuel(7:12)

He named it Ebenezer, saying, "Thus far has the LORD helped us"----N:I:V:B"ഇത്രത്തോളം യഹോവ സഹായിച്ചു" എന്ന് കഴിഞ്ഞ വർഷത്തെ ഒന്ന് തിരിഞ്ഞുനോക്കുന്ന ആർക്കും ധൈര്യത്തോടും, സന്തോഷ ത്തോടും,സ്തോത്രത്തോടും പറയുവാൻ കഴിയും. '2014' ആരംഭിച്ചപ്പോൾ നാം എടുത്ത പല തീരുമാനങ്ങളും നമുക്ക് ചെയ്യുവാൻ കഴിഞ്ഞില്ല എന്ന്

മാത്രമല്ല , പലതും തുടക്കം കുറിച്ചിട്ടും ഉപേക്ഷിച്ചവരും ആകാം.എങ്കിലും




കർത്താവ് ഒന്നും നോക്കാതെ '2015' ൽ നമ്മെ നടത്തി, ഈ ദിവസം വരെ നിർത്തിയല്ലോ എന്നോർക്കുവാൻ നമുക്ക് കഴിയണം.അതേ ! ഈ ഡിസംബർ 31 ന് **Ebenezer** അഥവാ ഇത്രത്തോളം യഹോവ എന്നെ കരുതി എന്ന് പറയുവാൻ നമുക്ക് കഴിയട്ടെ.

മിഷനറിയായിരുന്ന ബെഞ്ചമിൻ വെയറിനെ ശത്രുക്കൾ ലബനോനിൽ തടവുകാരനാക്കി. കഠിനമായ തടവുശിക്ഷ പതിനെട്ടുമാസം അദ്ദേഹം അനുഭവിച്ചു. മോചിതനായ അദ്ദേഹത്തോട് വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുവാൻ വന്നവർ അദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് അതിശയിച്ചു. കഷ്ടതയുടെ സമയം എങ്ങനെ കഴിച്ചുകൂട്ടി എന്ന ചോദ്യത്തിന് മറുപടി ലഭിച്ചത്, എണ്ണമില്ലാത്ത കൃപകൾ തന്ന ദൈവത്തെ എണ്ണി ,എണ്ണി സ്തുതിച്ചു എന്ന് ആയിരുന്നു. വീണ്ടും അവർ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഇപ്രകാരം തുടർന്നു.'വല്ലപ്പോഴും കുളിക്കുവാനും, കുടിക്കുവാനും തന്ന ജലത്തിന് നന്ദി കരേറ്റി. വീണു കിട്ടുന്ന വാടിയ പച്ചക്കറി എടുത്ത് സന്തോഷത്തോടെ കഴിച്ചു, കൂടാതെ ഇത്രയും നാൾ ജീവിക്കാനനുവദിച്ച ദൈവത്തെ

സ്തുതിച്ചു. സന്തോഷത്തോടെ അദ്ദേഹം പറഞ്ഞപ്പോൾ കേട്ടുനിന്നവരുടെ കണ്ണ് ഈറനണിഞ്ഞു.

ഒരുപക്ഷേ നാം പല ദു:ഖവേളകളിലും ദൈവസന്നിധിയിൽ നിന്ന് അന്യപ്പെട്ട് പോയിട്ടില്ലേ? ദൈവഹിതത്തിന് വിപരീതമായി പ്രവർത്തിച്ചിട്ടില്ലേ ?ദൈവത്തേക്കാൾ മൂല്യമുള്ളതായി പലതും നാം കണ്ടെത്തിയിട്ടില്ലേ?

പ്രീയരേ ! ഒരിക്കൽ കൂടി അവൻ വിളിക്കുന്നു 'മടങ്ങി വരിക' പൗലോസും ശീലാസും പാടിയതുപോലെ നമുക്കും വേദനയിൽ പാടുവാൻ കഴിയണം.നമ്മുടെ ദൈവം പ്രതികൂലങ്ങളെ മാറ്റി മുൻപോട്ട് നടത്തുന്ന ദൈവമാണ്.അയ്യം വിളിക്കാതെ സ്തോത്രം പറയുന്നവരാകുക. പ്രതിസന്ധിയിൽ പ്രാർത്ഥിച്ച് സ്തോത്രം ചെയ്യുന്നവനെ സഹായിക്കുന്ന ദൈവം നമ്മെയും നടത്തട്ടെ.

## പ്രാർത്ഥന

പറഞ്ഞു തീരാത്ത ദാനങ്ങളാൽ ഒരു വർഷം നടത്തിയ ദൈവമേ, അങ്ങേയ്ക്ക് നന്ദിയോടെ സ്തോത്രം. അയോഗ്യരായ ഞങ്ങളെ യോഗ്യത തന്ന് മാനിച്ച സ്നേഹത്തിന് നന്ദി. ആറ്റരികത്തെ വൃക്ഷമായി ശോഭിപ്പാൻ ഇടയാക്കേണമേ. ഒരു വർഷം നല്ല ചിന്തകൾ തന്ന് അനുഗ്രഹിച്ച ദൈവമേ തുടർന്നും നടത്തേണമേ. സ്തോത്രം.

**Santhamma Varghese**

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind